"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് -ആരോഗ്യ വകുപ്പ് -ജീവനക്കാര്യം - അസിസ്റ്റന്റ് സർജൻമാരുടെ 2023 വർഷത്തെ പൊതുസ്ഥലം മാറ്റം-ഡോ.അനൂപ്.എസ് ഫയൽ ചെയ്ത ഒഎ(ഇകെഎം) 979/2023 നമ്പർ കേസിൽ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 23-06-2023 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവ് - അനുപാലന ഉത്തരവ് പുറപ്പെടുവിക്കുന്നു

ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്

സ.ഉ.(സാധാ) നം.2561/2023/H&FWD തീയതി,തിരുവനന്തപുരം, 05-10-2023

പരാമർശം:-
1. സഉ(സാധ) 1518/2023/ആകുവ തീയതി 26.06.2023
2. സഉ(സാധ) 1603/2023/ആകുവ തീയതി 04.07.2023
3. ഡോ.അനൂപ് 21-06-2023 തീയതിയിൽ സമർപ്പിച്ച അപ്പീൽ അപേക്ഷ
4. ഡോ.അനൂപ്.എസ് ഫയൽ ചെയ്ത ഒഎ(ഇകെഎം) 979/2023 നമ്പർ കേസിൽ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 23-06-2023 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവ്

**ഉത്തരവ്**

ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റ ഉത്തരവിൽ, എറണാകുളം ജില്ലയിലെ വെങ്ങോല സാമൂഹികാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജനായ ഡോ.അനൂപ്.എസ് -നെ, എറണാകുളം ജില്ലയിലെ കുട്ടമ്പുഴ പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് സ്ഥലംമാറ്റിയിരുന്നു. പ്രസ്തുത നടപടി ക്രമത്തിനെതിരായി ഡോ.അനൂപ്.എസ് പരാമർശം (3) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു കൂടാതെ ടിയാൻ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനെ സമീപിക്കുകയും ഒഎ 979/2023 നമ്പരായി കേസ് ഫയൽ ചെയ്യുകയും ചെയ്തിരുന്നു. ടി കേസിൽ ബഹു ട്രിബ്യൂണൽ പരാമർശം (4) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ ടിയാന്റെ അപ്പീൽ പരിശോധിക്കുന്നതിനും തീരുമാനമെടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു.

(2) തുടർന്ന് ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ അപ്പീൽ പരിശോധിക്കുന്നതിന് പരാമർശം (1) ,(2) എന്നിവ പ്രകാരം രൂപീകരിച്ച കമ്മിറ്റി അപേക്ഷകനേയും ബന്ധപ്പെട്ട എതിർ കക്ഷിയേയും നേരിൽ കേൾക്കുകയും അപേക്ഷകന്റെ അപ്പീൽ വിശദമായി പരിശോധിക്കുകയും ഉണ്ടായി. ഡോ.അനൂപ്.എസ്, പൊതുസ്ഥലംമാറ്റ അപേക്ഷയിൽ ആവശ്യപ്പെട്ട സ്ഥലങ്ങളിലേക്ക് നിയമനം നൽകിയിരിക്കുന്നത്, പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾ പ്രകാരം ടിയാനെക്കാൾ കൂടുതൽ അർഹതയുള്ളവരെയാണ് എന്നതിനാൽ ടിയാന്റെ അപേക്ഷ നിരാകരിക്കുന്നതിന് കമ്മിറ്റി ശിപാശ ചെയ്യുകയുണ്ടായി.

91923

GOVERNMENT OF KERALA 2017-18

(3) മേൽ സാഹചര്യത്തിൽ, കമ്മിറ്റിയുടെ തീരുമാനം അംഗീകരിച്ചുകൊണ്ട് ഡോഅന്നൂപ്.എസ് പരാമർ ശം ( 3 ) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷ നിരാകരിച്ചുകൊണ്ടും പരാമർശം ( 4 ) പ്രകാരമുള്ള ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് അനുപാലിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SREEJITH V P

ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ കേരള ,തിരുവനന്തപുരം (ആമുഖക്കത്ത് സഹിതം)
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ഡോ.അന്നൂപ്.എസ് ,അസിസ്റ്റന്റ് സർജൻ ,സാമൂഹികാരോഗ്യ കേന്ദ്രം,വെങ്ങോല,എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ , കേരളം /അക്കൗണ്ടന്റ് ജനറൽ (എ &ഇ )
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
R Renuka
Date: 05-10-2023 12:12:53
സെക്ഷൻ ഓഫീസർ

**മേലെഴുത്ത് നം: ഇ.എ2-13130/2023/ആ.വ.ഡ തീയതി 05.10.2023**

**സർക്കാർ ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട ജീവനക്കാരുടെ അറിവിലേക്കും, അനന്തര നടപടികൾക്കും വെബ്സൈറ്റ് പ്രസിദ്ധീകരണത്തിനുമായി നൽകുന്നു.**

**ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി**